ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

തൃത്താല—തൃശ്ശൂർ റൂട്ടിൽ ബസ് സർവ്വീസ്

1673 [2504] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല—തൃശ്ശൂർ റൂട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതലാണ് നിറുത്തലാക്കിയത്;

(സി) ഇത് നിർത്തലാക്കാനുള്ള കാരണമെന്ത്;

(ഡി) ഈ സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി, സി, ഡി) ചോദ്യമുദിക്കുന്നില്ല.

നിറുത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

1674 [2506] ശ്രീ. ടി. വി. വിജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറുത്തലാക്കിയ ട്രാൻസ്പോർട്ട് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കളക്ഷൻ കുറവുമൂലം നിറുത്തലാക്കിയ സർവ്വീസുകളുടെ സ്ഥാനത്ത് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെ ദൗർലഭ്യം മൂലം നിറുത്തിവച്ച സർവ്വീസുകൾ വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് പുനരാരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. എന്നാൽ വരുമാനക്കുറവുമൂലം നിറുത്തലാക്കിയ സർവ്വീസ്സുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) കെ. എസ്. ആർ. ടി. സി. സർവ്വീസ് പുനരാരംഭിക്കുമ്പോൾ പിൻവലിക്കാമെന്ന വ്യവസ്ഥയിൽ സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ക്ക് സർവ്വീസ് നടത്താൻ ആവശ്യമുള്ള ബസ്സുകൾ

1675 [2507] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:

,, എ. വി. താമരാക്ഷൻ:

,, വി. ജെ. തങ്കപ്പൻ:

LIBRARY ARCHIVES Kerala Legislative Assembly